## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2359 08.07.2015-ൽ മറുപടിക്ക്

### ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഗ്രാമീണ ശുദ്ധജല പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) കേരള വാട്ടർ അതോറിറ്റി ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻ ടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ ചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2012-17 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്ത |

ത്തോടെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് ജലനിധിയുടെ രണ്ടാംഘട്ട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണത്തോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ സജ്ജമാക്കുക എന്ന സവിശേഷതയും ജലനിധി പദ്ധതിക്കുണ്ട്.

ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നാളിതുവരെ 69 ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, 25 നബാർഡ് പദ്ധതികൾ, 6 ടെക്നോളജി മിഷൻ പദ്ധതികൾ, കുടിവെള്ള നിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിലേക്കുള്ള ഒരു പദ്ധതി എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ 209 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെട്ട നാല് പദ്ധതികൾ, നബാർഡ് ധനസഹായത്തോടെ 29 പദ്ധതികൾ, കുടിവെള്ള നിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആറ് പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ 52 എൻ ഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് 21.81 കോടി രൂപയുള്ള പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ജലനിധി മുഖേന ബാച്ച് ഒന്നിലും രണ്ടിലുമായി 397 ചെറുകിട കുടിവെള്ള പദ്ധതികൾ ഇതിനകം പൂർത്തീകരിക്കുകയും 98,000 ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ, കേരള വാട്ടർ അതോറിറ്റിയുടെ സഹകരണ ത്തോടെ തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ, മാള, കുഴൂർ, പൊയ്യ, പുത്തൻചിറ അന്നമനട തുടങ്ങിയ ഗ്രാമപഞ്ചായത്തുകളും മലപ്പുറം ജില്ലയിലെ ഊരകം, വേങ്ങര, പറപ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾ പ്പെട്ട ഊരകം, ബൃഹത് പദ്ധതിയും മലപ്പുറം ജില്ലയിലെ തന്നെ പെരുമണ്ണക്ലാരി, ഒഴൂർ, തെന്നല എന്നീ പഞ്ചായത്തുകൾ ചേർന്ന പഞ്ചായത്തുതല ബൃഹത് ശുദ്ധജല വിതരണ പദ്ധതിയും നടപ്പിലാക്കാൻ വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിലൂടെ ഏകദേശം 41431 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച മികവ് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 24.70 കോടി രൂപ ഇൻ സെന്റീവ് ഫണ്ടായിട്ടും (മൊത്തം 99.70 കോടി) 2012-13 ലും 67.31 കോടി രൂപ അഡീഷണൽ ഫണ്ടായും 2.69 കോടി രൂപ ഇൻ സെന്റീവ് ഫണ്ടായും( മൊത്തം 70.00 കോടി രൂപ) 2013-14 ലും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. |
| ഡി) | ഗ്രാമീണ ശുദ്ധജലവിതരണത്തിൽ മികവ് കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | ഡി) | നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്തിന് പൂർത്തീകരിക്കുന്നതിന് വേണ്ട പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തു വരുന്നു.<br><br>ജലനിധി മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി |

പൂർത്തീകരിക്കുന്നതിന് വിവിധ ജില്ലകളിലെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് കൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടത്തിലും (ആസൂത്രണം-നിർവ്വഹണം) ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സാധന സാമഗ്രികൾ വാങ്ങുന്നതിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഗുണനിലവാരം ഉറപ്പു വരുത്തുവാൻ ഇതിലൂടെ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ